**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6199** **17-03-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി സുരക്ഷ പദ്ധതി പ്രകാരമുള്ള ആശ്വാസ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. യുടെ വൈദ്യുതി സുരക്ഷ പദ്ധതി പ്രകാരം ആശ്വാസ ധനസഹായത്തിനായി അബ്ദുൽ ജബ്ബാർ എൻ.കെ. യുടെ ഭാര്യ ഫാസില പി. എന്നയാൾ തിരുവനന്തപുരം വൈദ്യുതി ഭവനിൽ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച പി.എസ്.-എസ്.ടി.4/2022/3734/923 നമ്പർ ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കെ.എസ്.ഇ.ബി-യുടെ വൈദ്യുതി സുരക്ഷ പദ്ധതി പ്രകാരം ആശ്വാസ ധനസഹായത്തിനായി അബ്ദുൽ ജബ്ബാറിന്റെ ഭാര്യ ശ്രീമതി. ഫസീല എന്നയാൾ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ മാനന്തവാടി കാര്യാലയത്തിൽ നിന്ന് താഴെ പറയുന്ന രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിരുന്നു.<br><br>1. അപകടത്തിന്റെ പ്രഥമ വിവര റിപ്പോർട്ട്<br><br>2. സൈറ്റ് മഹസർ<br><br>3. അപകടത്തിന്റെ വിശദ വിവര റിപ്പോർട്ട്<br><br>4. മരണ സർട്ടിഫിക്കറ്റിന്റെ അസ്സൽ<br><br>5. പോലീസ് എഫ് ഐ ആർ (പോലീസ് അധികാരികൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ് )<br><br>6. പോലീസ് ഇൻക്വസ്റ്റ് റിപ്പോർട്ടിന്റെ പോലീസ് അധികാരികൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br><br>7. പോസ്റ്റ് മോർട്ടം സർട്ടിഫിക്കറ്റ് (പോലീസ് അധികാരികൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്)<br><br>8. തഹസിൽദാർ നൽകുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ അസ്സൽ.<br><br>9. അനന്തരാവകാശ സർട്ടിഫിക്കറ്റിൽ ഒന്നിൽ കൂടുതൽ അവകാശികൾ ഉണ്ടെങ്കിൽ ധനസഹായം കൈപ്പറ്റുന്നതിനു ഒരാളെ ചുമതലപ്പെടുത്തിക്കൊണ്ട് അനന്തരാവകാശ സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിട്ടുള്ള മറ്റുള്ളവർ ഒരു നോട്ടറി പബ്ലിക്കിന് മുൻപാകെ ഒപ്പിട്ടു നൽകിയ സമ്മത സത്യവാങ്മൂലത്തിന്റെ അസ്സൽ. |

| | | | |
|---|---|---|---|
| | | | ടി രേഖകൾ അപേക്ഷകയായ ശ്രീമതി. ഫസീല എന്നയാൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.<br><br>മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയതിലെ പരാമർശങ്ങൾക്ക് വിധേയമായും ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് പരിഗണിക്കേണ്ടുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ബോർഡുത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും ആശ്വാസ ധനസഹായ-ത്തിനുള്ള നടപടിയെടുക്കാൻ കഴിയുന്നതാണ്. |
| (ബി) | കുടുംബത്തിന്റെ അവസ്ഥ പരിഗണിച്ച് പ്രസ്തുത ധനസഹായം എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | കെ.എസ്.ഇ.ബി-യുടെ വൈദ്യുതി സുരക്ഷ പദ്ധതി പ്രകാരം ആശ്വാസ ധനസഹായത്തിനായി അബ്ദുൽ ജബ്ബാറിന്റെ ഭാര്യ ശ്രീമതി. ഫസീല എന്നയാൾ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ മാനന്തവാടി കാര്യാലയത്തിൽ നിന്ന് താഴെ പറയുന്ന രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിരുന്നു.<br><br>1. അപകടത്തിന്റെ പ്രഥമ വിവര റിപ്പോർട്ട്<br><br>2. സൈറ്റ് മഹസർ<br><br>3. അപകടത്തിന്റെ വിശദ വിവര റിപ്പോർട്ട്<br><br>4. മരണ സർട്ടിഫിക്കറ്റിന്റെ അസ്സൽ<br><br>5. പോലീസ് എഫ് ഐ ആർ (പോലീസ് അധികാരികൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ് )<br><br>6. പോലീസ് ഇൻക്വസ്റ്റ് റിപ്പോർട്ടിന്റെ പോലീസ് അധികാരികൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br><br>7. പോസ്റ്റ് മോർട്ടം സർട്ടിഫിക്കറ്റ് (പോലീസ് അധികാരികൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്)<br><br>8. തഹസിൽദാർ നൽകുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ അസ്സൽ.<br><br>9. അനന്തരാവകാശ സർട്ടിഫിക്കറ്റിൽ ഒന്നിൽ കൂടുതൽ അവകാശികൾ ഉണ്ടെങ്കിൽ ധനസഹായം കൈപ്പറ്റുന്നതിനു ഒരാളെ ചുമതലപ്പെടുത്തിക്കൊണ്ട് അനന്തരാവകാശ സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിട്ടുള്ള മറ്റുള്ളവർ ഒരു നോട്ടറി പബ്ലിക്കിന് മുൻപാകെ ഒപ്പിട്ടു നൽകിയ സമ്മത സത്യവാങ്മൂലത്തിന്റെ അസ്സൽ.<br><br>ടി രേഖകൾ അപേക്ഷകയായ ശ്രീമതി. ഫസീല എന്നയാൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയതിലെ പരാമർശങ്ങൾക്ക് വിധേയമായും ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് പരിഗണിക്കേണ്ടുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ബോർഡുത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും ആശ്വാസ ധനസഹായ-ത്തിനുള്ള നടപടിയെടുക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ